**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്-നഗരഗ്രാമാസൂത്രണ വകുപ്പ്- ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബൂണൽ മുൻപാകെ ശ്രീ.ഷിഹാബ്.കെ.എം., ഡ്രൈവർ, ഗ്രേഡ്-II, വയനാട് ജില്ലാ നഗരാസൂത്രണ കാര്യാലയം ഫയൽ ചെയ്ത OA (EKM) No. 1753/2016 മേലുള്ള 29.11.2016 തീയതിയിലെ വിധിന്യായം നടപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഇയു)വകുപ്പ്**

**സ.ഉ(സാധാ)നം.**689/2017/**ത.സ്വ.ഭ.വ.** **തീയതി, തിരുവനന്തപുരം** 14/03/2017

പരാമർശം:- 1. ശ്രീ. പി.രവികുമാർ സമർപ്പിച്ച 19.08.2016 ലെ പരാതി.

2. മുഖ്യനഗരാസൂത്രകന്റെ 9.09.2016 ലെ എ 4/8435/2016 നമ്പർ ഉത്തരവ്.

3. 31.10.2016 ൽ ശ്രീ. കെ.എം. ഷിഹാബ് സമർപ്പിച്ച അപ്പീൽ.

4. ശ്രീ. ഷിഹാബ്.കെ.എം., ഡ്രൈവർ ഫയൽ ചെയ്ത OA (EKM) No. 1753/2016 മേലുള്ള 29.11.2016 തീയതിയിലെ വിധിന്യായം .

5. മുഖ്യനഗരാസൂത്രകന്റെ 15.02.2017 ലെ എ 4-7765/2016 നമ്പർ കത്ത്.

**ഉത്തരവ്**

വയനാട് ജില്ലാ ടൗൺ പ്ലാനറും, ഓഫീസ് മേധാവിയുമായ ശ്രീ. രവികുമാറിന്റെ ക്യാബിനിൽ 17.08.2016 ൽ പ്രസ്തുത ഓഫീസിലെ ഡ്രൈവറായ ശ്രീ. ഷിഹാബ് അതിക്രമിച്ച് കയറി ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തിയതായും ജാതിപ്പേര് വിളിച്ച് ആക്ഷേപിച്ചതായും മുതുകത്ത് അടിച്ചതായും മേശപ്പുറത്തിരുന്ന ഫയൽ എടുത്ത് നശിപ്പിക്കാൻ ശ്രമിച്ചതായും ആരോപിച്ച് ശ്രീ. പി.ർവികുമാർ പരാമർശം (1) പ്രകാരം സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ശ്രീ.ഷിഹാബിനെ പരാമർശം രണ്ടിലെ ഉത്തരവ് പ്രകാരം അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തു. ടി ഉത്തരവിനെതിരെ 1960 ലെ KCS (CC& A) Rules ന്റെ റൂൾ 22 പ്രകാരം ശ്രീ. കെ.എം.ഷിഹാബ് പരാമർശം മൂന്ന് പ്രകാരം സമർപ്പിച്ച അപ്പീലിൽ താൻ 17.08.2016 ന് രാവിലെ 11.00 മണിയോടുകൂടി ഓഫീസിലെത്തി ടൗൺ പ്ലാനറുടെ ക്യാബിനിൽ കയറി GIS Passbook, logbooK ഇവയിൽ ടൗൺ പ്ലാനറുടെ സാക്ഷ്യപ്പെടുത്തലിനു വേണ്ടി സൗമ്യമായി സംസാരിക്കുക മാത്രമാണ് ചെയ്തതെന്നും, ടൗൺ പ്ലാനറെ ആക്രമിക്കുകയോ, ചീത്തപ്പേര് വിളിക്കുകയോ ചെയ്തിട്ടില്ല എന്നും പരാമർശിച്ചു. കൂടാതെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബൂണൽ മുൻപാകെ ശ്രീ.ഷിഹാബ്.കെ.എം., ഫയൽ ചെയ്ത OA (EKM) No. 1753/2016 മേലുള്ള പരാമർശം നാലിലെ വിധിന്യായത്തിൽ Annexure A5 അപ്പീൽ തീർപ്പു കല്പിക്കണമെന്ന് സർക്കാരിനോട് നിർദേശിച്ചിരുന്നു.

2. ടി വിഷയം സംബന്ധിച്ച് മുഖ്യനഗരാസൂത്രകൻ സമർപ്പിച്ച പരാമർശം അഞ്ചിലെ റിപ്പോർട്ടിൽ 16.08.2016 ലും 17.08.2016 ലും ഓഫീസിലുണ്ടായ സംഭവങ്ങൾക്ക് തങ്ങളുടേതായ ഭാഷ്യം ടൗൺ പ്ലാനർ ശ്രീ. രവികുമാറും, ഡ്രൈവർ ശ്രീ. ഷിഹാബും നൽകിയിട്ടുണ്ടെന്നും, എന്നാൽ ഇത് പരസ്പരം പൊരുത്തപ്പെടുന്നില്ലെന്നും, നടന്നു എന്നു പറയപ്പെടുന്ന സംഭവങ്ങളിൽ ഇവർ രണ്ടു പേരുമല്ലാതെ മറ്റാരും ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ മറ്റു ദൃക് സാക്ഷികൾ ഇല്ലെന്നും, പ്രസ്തുത ഓഫീസിലുണ്ടായിരിക്കുന്ന അസ്വാരസ്യങ്ങളുടെ വെളിച്ചത്തിൽ, ഓഫീസിൽ ആരോഗ്യകരമായ ഒരു സാഹചര്യം സംജാതമാകുന്നതിനു വേണ്ടിയും സ്വതന്ത്രമായും ആത്മവിശ്വാസത്തോടെയും ജോലി

ചെയ്യുന്നതിനായും ശ്രീ. രവികുമാറിനെ സ്ഥാനമാറ്റം നൽകി മറ്റൊരു സെക്ഷനിൽ നിയോഗിക്കാവുന്നതാണെന്നും അഭിപ്രായപ്പെട്ടു. കൂടാതെ മേലുദ്യോഗസ്ഥനെ ഡ്യൂട്ടിക്കിടയിൽ കയ്യേറ്റം ചെയ്തുവെന്ന കുറ്റത്തിനാണ് ശ്രീ. കെ.എം.ഷിഹാബ്, ഡ്രൈവർ, സർവീസിൽ നിന്നും സസ്‌പെൻഡ് ചെയ്തിട്ടുള്ളതെന്നും വകുപ്പിലെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തിവരികയാണെന്നും അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സസ്പെൻഷൻ സംബന്ധിച്ച് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണെന്നും റിപ്പോർട്ട് ചെയ്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഈ ജീവനക്കാരനിൽനിന്നും പോലീസ് സംരക്ഷണം ആവശ്യപ്പെട്ട മേലുദ്യോഗസ്ഥൻ പോലീസിൽ പരാതി നല്കിയിട്ടുള്ള സാഹചര്യത്തിൽ മുഖ്യനഗരാസൂത്രകൻ പുറപ്പെടുവിച്ച സസ്പെൻഷൻ ഉത്തരവിൽ തത്കാലം സർക്കാർ ഇടപെടേണ്ട സാഹചര്യം ഉള്ളതായി കാണുന്നില്ല. ആയതിനാൽ സസ്പെൻഷൻ പിൻവലിക്കുന്ന കാര്യത്തിൽ സർക്കാർ ഇടപെടൽ ആവശ്യമില്ല. മേൽ സാഹചര്യത്തിൽ **Exhibit A5** അപ്പീലിൽ സർക്കാർ ഇടപെടൽ ആവശ്യമില്ലെന്ന് തീരുമാനിച്ച്, പരാമർശം നാലിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**ഷിബു എ.റ്റി**

അണ്ടർ സെക്രട്ടറി

വകർപ്പ്

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരളം, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ , ~~തിരുവനന്തപുരം~~ എറണാകുളം
(ആമുഖ കത്ത് സഹിതം)
ശ്രീ. കെ.എം. ഷിഹാബ്, ഡ്രൈവർ (മുഖ്യനഗരാസൂത്രകൻ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ